DESPATCHED
On.24/11/21...
08/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
**E-mail: sic.ker@nic.in**

## ഹർജി നമ്പർ AP No.1098(4)/2016/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.9165/എസ്.ഐ.സി-ജി 2/2016)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ. പ്രഭാകരൻ,
സെക്രട്ടറി,
സ്വാശ്രയ, മട്ടാഞ്ചേരി,
കൊച്ചി- 682 002.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ആർക്കിയോളജിക്കൽ കെമിസ്റ്റ്,
   പുരാവസ്തുവകുപ്പദ്ധ്യക്ഷ കാര്യാലയം,
   സുന്ദര വിലാസം കൊട്ടാരം, ഫോർട്ട് പി.ഒ,
   തിരുവനന്തപുരം- 23.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   ഡയറക്ടർ,
   പുരാവസ്തു വകുപ്പ്,
   സുന്ദര വിലാസം കൊട്ടാരം, ഫോർട്ട് പി.ഒ,
   തിരുവനന്തപുരം- 23.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 15.04.2016 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ മട്ടാഞ്ചേരി കൊച്ചങ്ങാടിയിൽ നിലനിൽക്കുന്ന ചെമ്പിട്ടപ്പള്ളി

എന്ന മുസ്ലീം ദേവാലയം നിർമ്മിക്കാൻ സർക്കാർ വിനിയോഗിച്ച ഫണ്ട് സംബന്ധിച്ച രേഖകളുടെ പകർപ്പ് ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 18.06.2019 ൽ കമ്മീഷന്റെ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പങ്കെടുത്തു.

3. അപ്പീൽ ഹർജിക്കാരൻ പരാമർശിക്കുന്ന ചെമ്പിട്ടപ്പള്ളി പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകം അല്ലെന്നും, അതുകൊണ്ടാണ് അവിടെ പണമൊന്നും ചിലവഴിച്ചിട്ടില്ല എന്ന മറുപടി നൽകിയതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷിയുടെ ഓഫീസുമായി ബന്ധമില്ലാത്ത ഒരു കാര്യത്തെപ്പറ്റി അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടാൽ അതിന് മറുപടി നൽകാൻ ഒന്നാം എതിർകക്ഷിക്ക് കഴിയുന്നതല്ല. ഒന്നാം എതിർകക്ഷി നൽകിയ മറുപടി വസ്തുതാപരമാണെന്നതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ മറ്റു നടപടികൾ വേണ്ടെന്ന് കമ്മീഷൻ തീരുമാനിക്കുന്നു.

5 മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 08.11.2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**